"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പരിസ്ഥിതി വകുപ്പ് - കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിൽ കരാർ/ദിവസവേതന തസ്തികകളിൽ നിയമനം നടത്തുന്നതിനും, കാലാവധി പൂർത്തിയാകുന്ന തസ്തികകളിലെ സേവന കാലാവധി ദീർഘിപ്പിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരിസ്ഥിതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.10/2026/ENVT തീയതി,തിരുവനന്തപുരം, 23-02-2026

---

പരാമർശം:- 1. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 29-12-2025 തീയതിയിലെ കെ.എസ്.ബി.ബി/307/2025-TA(WS) നമ്പർ കത്ത്.

2. സ.ഉ (അച്ചടി) നമ്പർ.81/2019/ധന തീയതി 09-07-2019

**ഉത്തരവ്**

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിലെ വിവിധ പ്രോജക്റ്റുകളുടെ സുഗമമായ നടത്തിപ്പിനായി, ഒഴിവുള്ള വിവിധ തസ്തികകളിൽ കരാർ നിയമനം നടത്തുന്നതിനും, 3 വർഷം പൂർത്തിയാകുന്ന തസ്തികകളിൽ പുതുതായി നിയമനം നടത്തുന്നതിനും, 2 വർഷം പൂർത്തിയാകുന്ന ജീവനക്കാരെ മൂന്നാം വർഷത്തേക്ക് തുടരാൻ അനുമതി നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറി ചുവടെ ചേർത്തിരിക്കുന്ന വിവരങ്ങൾ സഹിതം ശിപാർശ ചെയ്യുകയുണ്ടായി:

| Sl No | Posts | Date of completion of tenure |
|---|---|---|
| 1 | Demonstrator, KSBB Museum | Resigned on 21.10.2025 |
| 2 | District Coordinator, Pathanamthitta | Resigned on 17.11.2025 |
| 3 | Research Assistant, KSBB Museum | 09.02.2026 |
| 4 | Library Assistant | 06.02.2026 |
| 5 | Assistant Account Clerk | 03.02.2026 |
| | | |

| | | |
|---|---|---|
| 6 | Electrician Cum Plumber Cum 3D Theatre Operator | 03.03.2026 |
| 7 | District Coordinator, Thiruvananthapuram | 01.09.2026 |
| 8 | District Coordinator, Idukki | 12.05.2026 |
| 9 | District Coordinator, Kozhikode | 19.09.2026 |
| 10 | District Coordinator, Kottayam | 03.03.2026 |
| 11 | Senior Research Officer | 17.07.2026 (II yr term ends on) |
| 12 | District Coordinator, Kasargod | 25.07.2026 (II yr term ends on) |
| 13 | District Coordinator, Wayanad | 25.06.2026(II yr term ends on) |

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിൽ പദ്ധതികളുടെ സുഗമമായ നടത്തിപ്പിന്, കരാർ/ദിവസവേതനവുമായി ബന്ധപ്പെട്ട് പരാമർശം (2) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള പൊതു ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി, നിലവിൽ ഒഴിവുള്ള രണ്ട് തസ്തികകളിലും, മൂന്ന് വർഷ സേവന കാലാവധി പൂർത്തിയാകുന്ന എട്ട് തസ്തികകളിലും കരാർ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിനും, 2 വർഷ സേവന കാലാവധി പൂർത്തിയാകുന്ന മൂന്ന് തസ്തികകളിൽ മൂന്നാം വർഷത്തേക്ക് (മതിയായ ഇടവേള നൽകി) തുടരുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**UNNIKUTTAN S S**

അണ്ടർ സെക്രട്ടറി

പകർപ്പ്:

1. മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്/എ & ഇ), കേരള
3. ധനകാര്യ വകുപ്പ് (19.02.2026 തീയതിയിലെ 3338618/PU-C2/219/2025-Fin നമ്പർ കുറിപ്പ് പ്രകാരം)
4. ഡയറക്ടർ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ)വകുപ്പ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ENVT-A1/257/2025-ENVT)

ഉത്തരവിൻ പ്രകാരം

Signed by
Royi J
സെക്ഷൻ ഓഫീസർ
Date: 24-02-2026 14:45:14